പിന്നെ അവരുടെ പ്രധാനമായ ആവശ്യം, ഡിപ്പാർട്ടുമെൻറിൽ വരുന്ന ഇൻസ്പെക്ടറന്മാരുടേയും അതുപോലെതന്നെ സെക്കൻറ് ഗ്രേഡ് എക്സിക്യൂട്ടീവ് ആഫീസറന്മാരുടേയും എല്ലാം പ്രമോഷനുകളും 3-ാം ഗ്രേഡ് എക്സിക്യൂട്ടീവ് ആഫീസറന്മാർക്ക് മാത്രം നൽകണമെന്നുള്ളതാണ്. ഈ കാര്യത്തെപ്പറ്റി ആലോചിക്കുമ്പോൾ ഡിപ്പാർട്ടുമെൻറിൽ മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നു പറയുന്ന ഒരു വിഭാഗമുണ്ടെന്നും ഈ പ്രമോഷനുകൾ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറന്മാർക്ക മാത്രം കൊടുക്കുമ്പോൾ അവരും സമരത്തിന് വട്ടം കൂട്ടുമെന്നുള്ള കാര്യവും ഗവണ്മെൻറ് കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. ഈ വകസംഗതികളെല്ലാം കണക്കിലെടുത്തുകൊണ്ട് അവർക്ക് അർഹമായ പ്രമോഷൻനൽകാൻ ഗവണ്മെൻറ തയ്യാറാണെന്ന് ഞാൻ അവരോട നേരിൽ പറയുകയുണ്ടായി. അതുപോലെതന്നെ ഇവർ തമ്മിലുള്ള അനുപാതം എങ്ങനെ വേണമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കുന്നതിനു വേണ്ടി ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരുടേയും പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറന്മാരുടേയും ഒരു കാൺഫറൻസ് വിളിച്ചു കൂട്ടിയിരുന്നു. അതിൽ എടുത്ത തീരുമാനം പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറന്മാർക്ക് സ്വീകാര്യമായില്ല. രണ്ടാമത്ത് എൻെറ സാന്നിദ്ധ്യത്തിൽ നടന്ന ഒരു കാൺഫറൻസിൽ ഈ വക പല ആനുകൂല്യങ്ങളും അവർക്ക് അനുവദിച്ചു കൊടുത്തു. അതിനു പുറമേ ഇവർ തമ്മിലുള്ള ഇൻറഗ്രേഷൻ എങ്ങനെ വേണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു പ്രപ്പോസൽ എക്സിക്യൂട്ടീവ് ആഫീസറന്മാർ എനിക്ക സമർപ്പിക്കാമെന്നുള്ള വാഗ്ദാനത്തോടുകൂടിയായിരുന്നു എൻെറ അടുക്കൽ നിന്നും പിരിഞ്ഞു പോയത്. അത് ഇതുവരെയും സമർപ്പിക്കാതെ ഒരു സൂചനാ സത്യാഗ്രഹത്തിലേക്ക് അവർ നീങ്ങിയതു തികച്ചും അനവസരത്തിലായി പോയി എന്നുമാത്രമേ എനിക്ക് ഈ അവസരത്തിൽ പറയാനുള്ള. തീർച്ചയായും ആ പ്രപ്പോസൽ അവർ സമർപ്പിക്കുകയാണെങ്കിൽ വളരെ അനുഭാവപൂർവ്വം അതു പരിഗണിക്കാനും സാധ്യമായ എല്ലാ ആനുകൂല്യങ്ങളും അവർക്ക ചെയ്തുകൊടുക്കാനും ഗവണ്മെൻറ തയ്യാറാണ്. അതേ അവസരത്തിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ പാടെ അവഗണിച്ചുകൊണ്ട് ഇവർക്ക മാത്രം പ്രമോഷൻ കൊടുക്കുകയെന്നുള്ളതു തികച്ചും അസാധ്യവും അപ്രായോഗികവുമാണെന്നുകൂടി ഞാൻ അറിയിക്കുകയാണ്. ഇവർ രണ്ടു കൂട്ടരും ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരെന്നുള്ള നിലയിൽ പരിഗണിച്ചു രണ്ടു കൂട്ടർക്കും ആവശ്യമായ പ്രമോഷനുകളും മറ്റു ആനുകൂല്യങ്ങളും നൽകാൻ ഗവണ്മെൻറ് പരമാവധി പരിശ്രമിക്കുന്നതാണെന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

(ii) Eviction of Settlers from the Catchment area of the Perinchankutty Project.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, കഴിഞ്ഞദിവസം ശ്രീ. മാണി, പെരിഞ്ചാൻകുട്ടി പ്രോജക്റ്റ് ഏരിയായിൽ ഗവണ്മെൻറ് കുടിയിറക്കുന്നതിനുള്ള ഒരു ശ്രമം ആരംഭിച്ചിട്ടുണ്ടെന്നും ആ ശ്രമം തുടർന്നു നടത്തുകയാണെങ്കിൽ അവിടെ വിഷമകരമായ സംഭവവികാസങ്ങൾ ഉണ്ടാകുമെന്നും ഉള്ള വിധത്തിൽ റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് തരികയുണ്ടായി. സർ, ഗവണ്മെൻറിൻെറ നയമെന്നുള്ള നിലയിൽ മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ട് വരുകയും ആ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഗവണ്മെൻറ് ഒരു ഡോറു നിശ്ചയിക്കുകയും ചെയ്തു. ആ ഡോറിനുമുമ്പ് കൈവശക്കാരായിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം പ്രോജക്ടിനു വേണ്ടി ഇറക്കിവിടുമ്പോൾ അവർക്ക കൊടുക്കേണ്ടതായിട്ടുള്ള പ്രതിഫലത്തെ സംബന്ധിച്ചും ഭൂമിയെസംബന്ധിച്ചും വ്യക്തമായിട്ടുള്ള നടപടികളും അതിൽ ആവിഷ്കരിച്ചിട്ടുണ്ട്. പെരിഞ്ചാൻകുട്ടി പ്രോജക്റ്റ് ഏരിയായിലായാലും ഇടിക്കി പ്രോജക്ട് ഏരിയായിലായാലും ശരി മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള നടപടികളും അക്ഷരംപ്രതി അനുസരിച്ചുകൊണ്ടിരിക്കുകയാണ്. ഇതു പറയുമ്പോൾ പുതുതായി ആരെങ്കിലും ആ പ്രദേശത്തു പ്രവേശി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ടെങ്കിൽ അവരുടെ കാര്യം ഇതിൽ ഉൾപ്പെടുകയില്ല. ഈ പ്രദേശത്തെ ഭൂമി കൃഷിക്കു കൊടുക്കണമെന്നു പറഞ്ഞുകൊണ്ടു് ബഹുമാനപ്പെട്ട കെ. ടി ജേക്കബിൽ നിന്നു് ഒരു മെമ്മോറാണ്ടം ഇലക്ട്രിസിറ്റി മിനിസ്റ്റർക്കു് കിട്ടുകയുണ്ടായി. ആ മെമ്മോറാണ്ടം എലക്ട്രിസിറ്റി മിനിസ്റ്റർ പരിശോധിച്ചതിനു ശേഷം റവന്യൂ ആയതുകൊണ്ടു് റവന്യൂഡിപ്പാർട്ടുമെന്റിലേക്കു് അയച്ചു. ഇതു എലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽനിന്നും റവന്യൂ ഡിപ്പാർട്ടുമെന്റിനു കിട്ടിയശേഷം എലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിനോടു് പ്രോജക്ടിനുവേണ്ടി എത്രയേക്കർ ഭൂമി ഏതുകാലയളവിനുള്ളിലാണു് ആവശ്യം എന്നുള്ളതിനെപ്പറ്റി ചോദിക്കുകയുണ്ടായി. ആ വിവരം ശേഖരിച്ചതിനുശേഷം ഇതു് കൃഷിക്കു് കൊടുക്കാൻ സാധിക്കുകയില്ലെന്നു പറഞ്ഞിരിക്കുകയാണു്. അപ്പോഴും ഈ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഡോറു കഴിഞ്ഞതിനുശേഷം ആരെങ്കിലും കൈയേറിയിട്ടുണ്ടെങ്കിൽ—കൈയേറിയിട്ടുണ്ടെന്നു് പറയുന്നു, നിയമസഭയിൽ ഇല്ലെന്നു പറയുന്നു—കളക്ടറോടു് ഇതിനെസംബന്ധിച്ചു് അന്വേഷിക്കാൻ വയർലസ്സു്മെസേജു് കൊടുത്തിരിക്കുകയാണു്. അങ്ങനെ അന്വേഷിച്ചാൽ ആരെങ്കിലും നേരത്തേ ഞാൻ പറഞ്ഞ ആ നിശ്ചിത ഡോറിനുശേഷം കയറിയിട്ടുണ്ടെങ്കിൽ അവരെയെല്ലാം ഇറക്കിവിടും. അതിനു മുമ്പുള്ളതാണെങ്കിൽ മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്ന എല്ലാ ആനുകൂല്യങ്ങളും കിട്ടുമെന്നു് ഞാൻ ഈ സഭയെ അറിയിക്കുകയാണു്.

ശ്രീ. കെ. എം. മാണി: ഞാൻ നൽകിയനോട്ടീസിന്റെ പ്രസക്തഭാഗങ്ങളെക്കുറിച്ചു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടില്ല. ഞാൻ അതിൽ പറഞ്ഞിരുന്നതു് നാലായിരത്തോളം കുടുംബങ്ങൾക്കു് ആനുകൂല്യങ്ങളും കിട്ടേണ്ടതായിട്ടുണ്ടെന്നാണു്. അതേസമയം ഗവണ്മെന്റു് കണക്കു് 1600 എന്നമാത്രമാണു്. ഇതു ഒന്നു് വ്യക്തമാക്കാൻ തയ്യാറാകുമോ?

ശ്രീമതി കെ. ആർ. ഗൗരി: മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ടിൽതന്നെ പറയുന്നതു് 1600 പേരെ ഉള്ള എന്നാണു്. അതിനേക്കാളും കൂടുതൽ ഉള്ളതായി പറയുന്നില്ല. എന്നാൽ അതിൽക്കൂടുതലുണ്ടെങ്കിൽ ശ്രീ. മാണിയുൾപ്പെടെ സ്വീകരണത്തിനുവേണ്ടി നിൽക്കാതെ ഇവരെ അവിടെനിന്നും ഒഴിപ്പിക്കാൻ ഗവണ്മെന്റിനെ സഹായിക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്.

ശ്രീ. കെ. എം. മാണി: സർ, ഞങ്ങളുടെ ആശങ്ക ഇപ്പോഴും നിലനിൽക്കുകയാണു്.

ശ്രീ. ബി. മാധവൻനായർ: സർ, നമ്മുടെ സംസ്ഥാനത്തെ പോലീസുകാരുടെ അസംതൃപ്തിയെക്കുറിച്ചു് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുമായി സംസാരിച്ചു, അതുപോലെതന്നെ അവരുടെ പ്രശ്നം ഈ സഭയിൽ ചർച്ചചെയ്യാൻ ഒരു അവസരം തരണമെന്നു് അങ്ങയോടും ഞാൻ അപേക്ഷിച്ചിരുന്നു. അതുകൊണ്ടു് അതിനുള്ള ഒരു അവസരം ഉണ്ടാക്കിത്തരുകയും.....

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): അദ്ദേഹം പറഞ്ഞതനുസരിച്ചു് വിവരം ശേഖരിച്ചിട്ടുണ്ടു്. അതിന്റെ ഒരു പ്രതി അദ്ദേഹത്തിനു് കൊടുക്കുന്നതായിരിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ബിസിനസ്സു് അഡ്വൈസറി കമ്മിറ്റി കൂടിക്കഴിഞ്ഞാൽ അതിന്റെ വിവരം ഞങ്ങൾക്കു തരേണ്ടതാണു്. ഇതുവരെ തന്നിട്ടില്ല. വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ബില്ലിന്റെ ചർച്ചനടന്നുകൊണ്ടിരിക്കുകയാണു്. അതിന്റെ ചർച്ച എന്നു് അവസാനിക്കും അതുപോലെതന്നെ ഏതേതു ബില്ലിനാണു് അമൻറുമെന്റു് കൊടുക്കേണ്ടതു് എന്നുള്ളതിനെപ്പറ്റിയൊക്കെ ഞങ്ങൾക്കു മനസിലാക്കാൻ ഇന്നു് വളരെ ബുദ്ധിമുട്ടുണ്ടു്. വളരെ വ്യക്തമായിട്ടു് പറഞ്ഞിട്ടുണ്ടു് കമ്മിറ്റി കൂടിയാൽ അതിന്റെ വിവരം മെമ്പേഴ്സിനു കൊടുക്കണമെന്നു്. ഇതുവരെയും കിട്ടിയിട്ടില്ല. അതുകൊണ്ടു് അതു കിട്ടാൻ വേണ്ട ഏർപ്പാടു ചെയ്യാൻ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: വഴക്കമനുസരിച്ചാണ് ഈ സഭയുടെ ബിസിനസ് അഡ്വൈസറി കമ്മിറ്റിക്കു വിടുന്നതും തീരുമാനങ്ങളെടുക്കുന്നതും സമാനടപടികളും നടത്തിക്കൊണ്ടു പോകുന്നതും. കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങളും ഇതുവരെ സഭയിൽ കൊണ്ടു വന്നിട്ടില്ല. അതിന്റെആവശ്യവുമില്ല. കാരണം ഐകകണ്ഠ്യേനയുള്ള തീരുമാനമാണ് പാർട്ടി ലീഡേഴ്സുമായി ആലോചിച്ച് എടുക്കുന്നതു്. പാർട്ടിനേതാക്കളിൽ നിന്നും കാര്യങ്ങളും മറ്റുള്ളവർ മനസ്സിലാക്കുകയാണു് ഇതുവരെയുള്ള പതിവു്. മറ്റു് കമ്മിറ്റി റിപ്പോർട്ടുകളും പോലെ ഈ കമ്മിറ്റിയുടെ റിപ്പോർട്ടും സഭയിൽ വയ്ക്കുമ്പോഴേ എന്തുള്ളതിനെപ്പറ്റി ആലോചിക്കണമെങ്കിൽ ആലോചിക്കാം. അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനം സഭ അംഗീകരിപ്പിക്കേണ്ട ആവശ്യമില്ല. അതു് സ്പീക്കറെ സംബന്ധിച്ചിടത്തോളം നല്ലതാണു്. എല്ലാത്തിനും സമയം നിശ്ചയിക്കും. ആ സമയത്തിനുള്ളിൽ ക്ലോഷർ മൂവു് ചെയ്താലും ഇല്ലെങ്കിലും നിശ്ചയിച്ച സമയം തീർന്നാൽ സ്പീക്കർക്കു് അതിനെസംബന്ധിച്ച ചർച്ച അവസാനിപ്പിക്കാൻ ആവശ്യപ്പെടാം. പാർലമെന്ററിൽ അങ്ങനെ നടക്കുന്നുണ്ടു്. നമുക്കു് അതിന്റെ ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: റൂളിൽ "It shall be presented before the House" ഇങ്ങനെ പറയുന്നു; അതുകൊണ്ടാണു് ഞാൻ അങ്ങനെ പറഞ്ഞതു് അതിന്റെ വിവരം ഞങ്ങളെക്കൂടി ഏതെങ്കിലും രീതിയിൽ അറിയിക്കണമെന്നു മാത്രമേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി: ഇന്നത്തെ പോലെ നടന്നുപോകുന്നതിൽ യാതൊരു തകരാറുമില്ലെന്നാണു് എനിക്കു അഭിപ്രായം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: പഞ്ചായത്ത്രാജ് ബില്ലിന്റെ സെക്കൻറ് റീഡിംഗ് ഒരു ദിവസമായി നടന്നുകൊണ്ടിരിക്കുകയാണു്. അതിന്റെ കാര്യം ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി തീരുമാനിക്കണം.

മി. സ്പീക്കർ: ഇതിൽ അഭിപ്രായവ്യത്യാസമൊന്നും ഉണ്ടാകേണ്ട കാര്യമില്ല. സംസ്ഥാനനിയമസഭ ഏതു സമയം നിശ്ചയിക്കുന്നതിനെ സംബന്ധിച്ചാണെങ്കിൽ അതു് ഓരോ പാർട്ടിയിലും എത്ര മെമ്പർമാർ വീതമുണ്ടു് എന്നുള്ള കാര്യങ്ങളൊക്കെ നോക്കിയിട്ടാണു് തീരുമാനിക്കുന്നതു്. റൂം അനുസരിച്ചതന്നെ സമയം ഗ്രാൻറ് ചെയ്യുക എന്നുള്ള പ്രശ്നമല്ല. അങ്ങനെയൊരു തർക്കവും ഇവിടെ ഉണ്ടായിട്ടില്ല. ഇപ്പോഴും ഉണ്ടായില്ല. കമ്മിറ്റി കൂടാൻ ഇപ്പോൾ എത്ര മെമ്പർമാരാണു് ഉള്ളത് എന്നുള്ളതുനോക്കി കൂടണമോ വേണ്ടയോ എന്നുള്ളതു് തീരുമാനിക്കാം.

Shri S. P. Luiz: Sir, I have to make a submission. On the 24th July, I had given notice to raise a question of breach of privilege of the House. It was to be taken up last Monday.

Mr Speaker: But you were not present that day.

Shri S. P. Luiz: Sir, I have to submit certain points with regard to that notice.....

Mr Speaker: No. If you have got to say anything, you may place the facts on the Table of the House.

Shri S. P. Luiz: Sir, one more submission.

A little while ago, we were discussing the absence of the Chief Minister. The Privileges Committee is headed by the Chief

LIBRARY ARCHIVES Kerala Legislative Assembly

Minister. I would like to submit that, the enquiry in which Shri P. K. Kunju was involved, the Commission has been directed to submit its findings before the end of September. According to the programme now before us, the Chief Minister will be away for at least two or three months. So it may not be possible for the Commission to conclude its findings at the proper time. In this connection, I would like to know who will occupy the position of the Chief Minister as the Chairman of the Privileges Committee.

മി. സ്പീക്കർ: കമ്മിറ്റിയുടെ ചെയർമാനായി ഒരാളെ നിശ്ചയിക്കുന്നതിനുള്ള വിവേചനാധികാരം സ്പീക്കർക്കാണു്. അതനുസരിച്ചു് പ്രിവിലേജു് കമ്മിറ്റിയുടെ ചെയർമാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ തിരഞ്ഞെടുത്തിരിക്കുന്നു. എല്ലാ നിയമസഭകളിലും സാധാരണഗതിയിൽ ഇതിനെപ്പറ്റി ചില വഴക്കങ്ങളുണ്ടു്. സഭയുടെ അന്തസ്സു് സംരക്ഷിക്കുന്നതിനു് മറ്റാരെക്കാളും കൂടുതൽ തല്പരൻ മുഖ്യമന്ത്രിയായിരിക്കുമെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിലാണു് മുഖ്യമന്ത്രിയെ തിരഞ്ഞെടുത്തിട്ടുള്ളതു്. ഒന്നുകിൽ സ്പീക്കറായിരിക്കും, അല്ലെങ്കിൽ മുഖ്യമന്ത്രിയായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽക്കാലികമായി ഇവിടെ ഇല്ല എന്നതുകൊണ്ടു് ബുദ്ധിമുട്ടു് നമുക്കനുഭവപ്പെടുന്നുണ്ടു്. അദ്ദേഹം രണ്ടുമൂന്നുമാസക്കാലത്തേയ്ക്കു് ഇവിടെ ഇല്ലെന്നുണ്ടെങ്കിൽ താൽക്കാലികമായി ഒരു പ്രെയർമാനെ എടുക്കാവുന്നതേയുള്ളു. കമ്മിറ്റി വിളിച്ചുകൂട്ടാൻ ഏർപ്പാടുചെയ്യാം.

RESOLUTION

Formation of a Branch of the Commonwealth Parliamentary Association.

Mr. Speaker: Now we may take up the Resolution regarding the formation of a branch of the Commonwealth Parliamentary Association in the Kerala Legislative Assembly.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ): സർ, അതു വേറെ ഒരു ദിവസം ഉന്നയിക്കാം.

FINANCIAL BUSINESS

Demands for Supplementary Grants for 1969–70.

Mr. Speaker: We may pass on to the discussion and voting on Damands for Supplementary Grants for 1969-70.

Demands II, XIII, XVII, XIX, XXXIX, XLV and XXXVI may be moved. The rest of the demands need not be moved. They will be discussed and put to vote.

Revenue Minister (**Smt. K. R. Gouri**); Sir, I move that a Supplementary sum not exceeding Rs. 22,800 be granted under Demand II Land Revenue.

Health Minister (**Shri B. Wellingdon**): I second it.

Forest & Harijan Welfare Minister (**Shri M. K. Krishnan**): Sir, I move that a Supplementary sum not exceeding Rs. 300 be granted under Demand XIII–Police.

LIBRARY ARCHIVES Kerala Legislative Assembly